പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2050 — 26.03.2013-ൽ മറുപടിയ്ക്ക്

## കാവാലം സബ്സ്റ്റേഷൻ നിർമ്മാണം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ? | കാവാലം സബ്സ്റ്റേഷൻ നിർമ്മാണത്തിലേയ്ക്കായി കുട്ടനാട്ട താലൂക്കിൽ കാവാലം വില്ലേജിൽ സർവ്വേ നമ്പർ 594/6ൽപ്പെട്ട 0.874 ഹെക്ടർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് പ്രകാരം വാങ്ങുന്നതിന് 17.06.2008 ൽ സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടി സ്ഥലം കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമമനുസരിച്ച് നികത്തുവാൻ പാടില്ല എന്ന 27-01-2011-ലെ കത്തു പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ അറിയിക്കുകയും പുതിയ സ്ഥലം കണ്ടുപിടിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പള്ളം-പുന്നപ്ര 110 കെ. വി. ലൈനിനു സമീപത്തായാണ് അനുയോജ്യമായ 72 ആർ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞത്. സ്ഥലം ഉടമയുടെ അനുമതി പത്രവും ലഭിച്ചിരുന്നു. എന്നാൽ പള്ളം-പുന്നപ്ര 110 കെ.വി ലൈനിൽ നിന്നും ഒരു 110 കെ.വി സബ്സ്റ്റേഷൻ കാവാലത്ത് നിർമ്മിക്കുന്നത് സംബന്ധിച്ച് നടത്തിയ സാങ്കേതിക സാധ്യതാ പഠനത്തിൽ 110 കെ.വി ലൈനുമായി ബന്ധപ്പെട്ട പുന്നപ്ര 220 കെ.വി സബ്സ്റ്റേഷന്റെയും, കോടിമത 110 കെ.വി സബ്സ്റ്റേഷന്റെയും നിർമ്മാണത്തിനുശേഷം കാവാലം സബ്സ്റ്റേഷൻ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട പോയാൽ മതി എന്നാണ് വ്യക്തമായിട്ടുള്ളത്.<br><br>കാവാലം 110 കെ.വി സബ്സ്റ്റേഷന്റെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സംസ്ഥാന വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.